LIBRARY ARCHIVES Kerala Legislative Assembly

ചെത്തി ഫിഷിംഗ് ഹാർബർ, ആലപ്പുഴ ജില്ല:

ചെത്തി മത്സ്യബന്ധന ഉറമുഖത്തിന്റെ നിർമ്മാണത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിക്ക് 13-2-2020-ൽ കിഫ്ബി 97.43 കോടി രൂപയുള്ള ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഇതിനോടകംതന്നെ ടെണ്ടർ ചെയ്തുകഴിഞ്ഞു. ഹാർബർ നിർമ്മാണം 36 മാസംകൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ജില്ലാ കോടതി പാലം:

ജില്ലാ കോടതി പാലത്തിന്റെ നിർമ്മാണത്തിനായി 120.52 കോടി രൂപയുള്ള പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്.

ആലപ്പുഴ മൊബിലിറ്റി ഹബ്ബ്:

ആലപ്പുഴ മൊബിലിറ്റി ഹബ്ബ് നിർമ്മാണപ്രവർത്തനങ്ങൾ പ്രധാനമായും രണ്ടുഘട്ടമായിട്ടാണ് നടത്തുന്നത്. ഒന്നാം ഘട്ടത്തിൽ താത്കാലിക ഗ്യാരേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിനോടനുബന്ധിച്ച ലാൻഡ് ഡെവലപ്മെന്റ് പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു, കൂടാതെ ഗ്യാരേജിന്റെ നിർമ്മാണപ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. മൂന്ന് മാസത്തിനുള്ളിൽതന്നെ ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം ഘട്ടത്തിൽ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. താത്കാലിക ഗ്യാരേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളോടുകൂടി തന്നെ മൊബിലിറ്റി ഹബ്ബിന്റെ പൈലിംഗ് പ്രവൃത്തികളുടെ ജോലിയും കരാറുകാരനെ ഏല്പിച്ചിട്ടുണ്ട്. പൈലിംഗ് പ്രവൃത്തികൾ അധികം വൈകാതെ തന്നെ ആരംഭിക്കുമെന്ന് എസ്.പി.വി. അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

97(107) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഏജൻസികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

പദ്ധതികളുടെ നിർവ്വഹണ ഏജൻസികളുടെ വിവരങ്ങൾ അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ഡി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഏതൊക്കെ പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം ലഭിക്കാനുള്ളത്; പ്രസ്തുത പദ്ധതികൾക്ക് വേഗത്തിൽ അംഗീകാരം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നിലവിൽ കിഫ്ബിയുടെ പരിഗണന യിലുള്ളതും അംഗീകാരം ലഭിക്കാൻ ബാക്കി നിൽക്കുന്നതുമായ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.* കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം സമർപ്പിക്കപ്പെട്ട പദ്ധതികൾക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ്

98(109) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം എത്ര കോടി രൂപയാണ്; പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവുമൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ലഭിക്കുന്നുണ്ടോ; എങ്കിൽ ഇതിൽനിന്നും എത്ര ശതമാനം വർദ്ധനവാണ് മേൽപ്പറഞ്ഞ കാലയളവിൽ ലഭിച്ചത് എന്നതിന്റെ വിശദാംശംകൂടി ലഭ്യമാക്കുമോ?

2016 മുതൽ നാളിതുവരെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം, മുൻ വർഷങ്ങളെ അപേക്ഷിച്ചുള്ള വർദ്ധനവ്/കുറവ്, മുൻ വർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവിന്റെ/കുറവിന്റെ ശതമാനം എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly